# മാനസാന്തരപ്പെടുക അല്ലെങ്കിൽ നശിക്കുക!

## ലൂക്കൊ. 13:1- 5

ഒരു ദിവസം, യേശു ഉപദേശിക്കുമ്പോൾ, "ഗലീലക്കാരായ ചിലരുടെ യാഗത്തിൽ പിലാത്തൊസ് രക്തം കലർത്തിയ" വിവരം എത്തി (ലൂക്കൊസ് 13:1). ആ ഗലീലക്കാർ ആരായിരുന്നു എന്ന് നമുക്ക് തീർച്ചയില്ല,[1] എന്നാൽ അവർ അത്തരത്തിൽ ദാരുണമായി മരിക്കത്തക്കവണ്ണം വലിയ ദുഷ്ടരായിരുന്നു എന്നാണ് ക്രിസ്തുവിന്റെ ശ്രോതാക്കൾ ധരിച്ചത്. യേശു അവരോട് പറഞ്ഞു, "ആ ഗലീലക്കാർ ഇതു അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയിരുന്നു എന്നു നിങ്ങൾക്ക് തോന്നുന്നുവോ? അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും" (വാക്യങ്ങൾ 2, 3). അതേ പോയിന്റെ ഊന്നി പറയുവാൻ കർത്താവ് മറ്റൊരു ചിത്രീകരണം നൽകുന്നു: "അല്ല, ശിലോഹോമിലെ ഗോപുരം വീണു മരിച്ചുപോയ ആ പതിനെട്ടുപേർ യെരുശലേമിൽ പാർക്കുന്ന സകല മനുഷ്യരിലും കുറ്റക്കാർ ആയിരുന്നു എന്ന് തോന്നുന്നുവോ?" (വാക്യങ്ങൾ 4, 5).[2]

വാക്കിന് വാക്കായി ഏതാനും വാക്കുകൾ ബൈബിളിൽ പകർത്തിയിട്ടുണ്ട്, അങ്ങനെയുള്ള രണ്ടെണ്ണം ലൂക്കൊസ് 13 ലുണ്ട്.[3] വാക്യം 3 പറയുന്നു, "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും." വാക്യം 5 ൽ വായിക്കുന്നു, "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ, നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും." ആ സന്ദേശം നമുക്ക് നഷ്ടമാകരുത് എന്ന ഉദ്ദേശത്തോടെ ആകാം പരിശുദ്ധാത്മാവ് അത്തരം ആവർത്തനം നടത്തിയത്:മാനസാന്തരപ്പെടുക അല്ലെങ്കിൽ നശിച്ചുപോകും!

### "നിങ്ങൾ മാനസാന്തരപ്പെട്ടില്ല എങ്കിൽ ...."

#### മാനസാന്തരം ആവശ്യപ്പെട്ടിരിക്കുന്നു

പഴയനിയമത്തിലും,[4] പുതിയനിയമത്തിലും മാനസാന്തരത്തിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട്. ദൈവരാജ്യം ആസന്നമായിരിക്കകൊണ്ട്, മാനസാന്തരപ്പെടുവാനായിരുന്നു യോഹന്നാൻ സ്നാപകന്റെ ആഹ്വാനം (മത്തായി 3:2). അതേ നിർദ്ദേശങ്ങൾ തന്നെയാണ് യേശുവും തന്റെ ശിഷ്യന്മാരും നല്കിയത് (മത്തായി 4:17; മർക്കൊസ് 6:12). കർത്താവ് മഹത്തായ ആജ്ഞ നൽകിയപ്പോൾ, അതിന്റെ ഭാഗമായി മാനസാന്തരവും ഉൾപ്പെടുത്തിയിരുന്നു (ലൂക്കൊസ് 24:47).[5] പൂർണ്ണസുവിശേഷം ആളുകളോട് പ്രസംഗിച്ചപ്പോൾ പാപികളോട് മാനസാന്തരപ്പെടുവാൻ ആവശ്യപ്പെട്ടിരുന്നു (പ്രവൃത്തികൾ 2:38; 3:19, 26; 17:30, 31).

അനുസരിക്കുവാൻ പ്രയാസമുള്ളതുകൊണ്ടാകാം ബൈബിളിൽ മാനസാന്തരത്തിന് ഊന്നൽ കൊടുത്തിരിക്കുന്നതെന്ന് പറയപ്പെട്ടിട്ടുണ്ട്.ആളു

കൾക്ക് ഒരിക്കൽ തെളിവ് ബോധ്യപ്പെട്ടാൽ വിശ്വസിക്കുന്നതിനു അവർക്ക് കുഴപ്പമുണ്ടാകാറില്ല. ഉദാഹരണത്തിന്, അമേരിക്കയിലുള്ള 90 ശതമാനം ആളുകൾ ദൈവത്തിൽ വിശ്വസിക്കുന്നവരാണെന്ന് ഒരു പഠനം വ്യക്തമാക്കുന്നു – അവരിൽ ഭൂരിഭാഗം പേരും യേശുവിൽ വിശ്വസിക്കുന്നവരാണ്.[6] കൂടാതെ ഒരിക്കൽ ആളുകൾ വാസ്തവത്തിൽ മാനസനാന്തരപ്പെട്ടുകഴിഞ്ഞാൽ, അവർക്ക് ദൈവത്തിന്റെ മറ്റു കല്പനകൾ അനുസരിക്കുവാൻ ബുദ്ധിമുട്ട് ഉണ്ടാകാറില്ല. എങ്ങനെയായാലും, മാനസാന്തരം പലർക്കും പ്രയാസമുള്ളതാണ് – വളരെ പ്രയാസമുള്ളതാണ്!

ചുരുങ്ങിയത് രണ്ട് കാരണങ്ങൾകൊണ്ട് ആളുകൾക്ക് മാനസാന്തരം പ്രയാസമാകുന്നു. ആദ്യമായി, മാനസാന്തരത്തിന്റെ ആവശ്യം നമ്മുടെ അഹംഭാവത്തെ അമ്പരപ്പിക്കുന്നതാണ്, ആളുകളിൽ അഹംഭാവം നിറഞ്ഞിരിക്കയാണ്.[7] രണ്ടാമത്, വാസ്തവത്തിലുള്ള മാനസാന്തരം ആളുകളുടെ ദീവിതത്തിൽ മാറ്റം ആവശ്യപ്പെടുന്നതാണ്. നമുക്ക് മാറുവാനിഷ്ടമില്ല. അതുകൊണ്ട്, നമുക്ക് മിക്കപേർക്കും മാനസാന്തരപ്പെടുവാൻ പ്രയാസം നേരിടുന്നു. ജെ. ഡബ്ലിയു. മേക്ക്ഗാർവേ എഴുതി, “വിട്ടുമാറാത്ത മനുഷ്യന്റെ ഇഷ്ടമാണ് മനുഷ്യരക്ഷക്കുള്ള മുഖ്യതടസം.”[8]

**മാനസാന്തരം നിർവ്വചിച്ചിരിക്കുന്നു**

മുൻപോട്ടു പോകുന്നതിന് മുൻപ്, മാനസാന്തരം എന്താണെന്ന് നാം നിർണ്ണയിക്കണം. “ഞാൻ പാപം ചെയ്തതിൽ ദുഃഖിക്കുന്നു” എന്നതാണ് മതപരമായ ആളുകളുടെ മാനസാന്തരം.[9] പാപങ്ങളെ കുറിച്ച് ദുഃഖിക്കണമെന്നത് വാസ്തവമാണ്, എന്നാൽ ദുഃഖിക്കുന്നതല്ല മാനസാന്തരം. ശരിക്കു മാനസാന്തരപ്പെടാതെ ദുഃഖിക്കുവാൻ കഴിയും.

ഈ രംഗം ഒന്നു ഊഹിക്കുക. (നിങ്ങളിൽ ചിലർ അതുതിരിച്ചറിയും!) അമ്മ വരുവാനിരിക്കുന്ന അതിഥികൾക്ക് വേണ്ടി മധുരപലഹാരങ്ങളുണ്ടാക്കി അടുക്കളയിലെ മേശപ്പുറത്തു വെച്ചിട്ടു തന്റെ ബാലനായിരുന്ന മകനോട് അടുക്കളയിൽ നിന്നു മാറിപ്പോകുവാൻ പറഞ്ഞു, എന്നാൽ അതിന്റെ മണം കുട്ടിയെ ആകർഷിച്ചു. അമ്മ തിരിച്ചുവന്നപ്പോൾ, മധുരപലഹാരത്തിൽ പകുതി തീർന്നിരിക്കുന്നു, കുറച്ചു കുട്ടിയുടെ വായിലുമുണ്ട്. അമ്മ വന്നു കണ്ടുപിടിച്ചപ്പോൾ ജാള്യതകൊണ്ട് അവൻ മുഖം മറച്ചു. കുട്ടിക്ക് ദുഃഖമുണ്ടായോ? ഉണ്ടായി. കണ്ടുപിടിച്ചപ്പോൾ അവന് ദുഃഖമുണ്ടായി. അമ്മയെ അനുസരിക്കാതിരുന്നാൽ എന്താണ് സംഭവിക്കുവാൻ പോകുന്നത് എന്തെന്ന് അറിയാമായിരുന്നതുകൊണ്ട് അവനു ദുഃഖമുണ്ടായി. ആ അമ്മ പിറ്റേ ദിവസവും മധുരപലഹാരങ്ങൾ ഉണ്ടാക്കിയാലോ? ഇത് ആവർത്തിക്കുമോ? ഒരുപക്ഷെ. എന്തുകൊണ്ട്? കാരണം കുട്ടിക്ക് ദുഃഖമുണ്ടായെങ്കിലും, *മാനസാന്തരം* ഉണ്ടായില്ല.

എന്നെ തെറ്റിദ്ധരിക്കരുത്. ഒരാൾക്ക് പാപത്തെ കുറിച്ച് ദുഃഖമുണ്ടാകുന്നതു പ്രാധാന്യമുള്ള കാര്യം തന്നെയാണ്. വാസ്തവത്തിൽ, അത് “മാനസാന്തര നടപടികൾക്ക്” ആവശ്യവുമാണ്. ആ ദുഃഖം ഗുണപ്രദമായ ഫലം ഉളവാക്കുന്ന ദുഃഖമായിരിക്കണം. ഇതിനോട് യോജിക്കുന്ന ഒരു വേദഭാഗമാണ്, 2 കൊരിന്ത്യർ 7:9, 10. മുൻപുള്ള ലേഖനത്തിൽ പൗലൊസ് ഈ കർശനമായ താക്കീതിനെ കുറിച്ചു എഴുതി,

> ഇപ്പോൾ ഞാൻ സന്തോഷിക്കുന്നു, നിങ്ങൾ ദുഃഖിച്ചതിനാലല്ല, മാനസാന്തരത്തിനായി ദുഃഖിച്ചതിനാൽ അത്രേ. നിങ്ങൾക്ക് ഞങ്ങളാൽ ഒന്നിലും ചേതം വരാതവണ്ണം ദൈവഹിതപ്രകാരമല്ലൊ നിങ്ങൾ ദുഃഖിച്ചത്; ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത ദുഃഖത്തെ മാനസാന്തരത്തിനായി രക്ഷക്കായി ഉളവാക്കുന്നു, ലോകത്തിന്റെ *ദുഃഖമോ* മരണത്തെ ഉളവാക്കുന്നു.

ചിലപ്പോൾ, പാപം ചെയ്തതിൽ ദുഃഖിക്കുന്നതായി അവകാശപ്പെടും, എന്നാൽ അവരുടെ ദുഃഖം "ലോകത്തിന്റെ ദുഃഖം ആണ്." അവർ ദുഃഖിച്ചതു കണ്ടുപിടിച്ചതുകൊണ്ടോ, അല്ലെങ്കിൽ അവർ ചെയ്ത പ്രവൃത്തികളുടെ അനന്തരഫലം കൊണ്ടൊ ആകാം. എങ്ങനെയായാലും, അവർ വാസ്തവത്തിൽ മാനസാന്തരപ്പെട്ടില്ല.[10] ഇതിന് വിപരീതമായ ദുഃഖമാണ് "ദൈവഹിതപ്രകാരമുള്ളത്." കെജെവിയിൽ അതിനെ "ദൈവികമായ ദുഃഖം" എന്നാണ് പറഞ്ഞിരിക്കുന്നത്. "ദൈവികമായ ദുഃഖം" എന്താണ്? ജിമ്മി അലെൻ എഴുതി,

> എനിക്ക് ശരിയായി മനസിലായെങ്കിൽ, അതു ഹൃദയത്തിൽനിന്ന് വരുന്ന വേദനയും ദുഃഖവുമാണ് കാരണം നാം ദൈവത്തിന് ഇടർച്ച വരുത്തിയിരിക്കുന്നു. അതിന് നമ്മെ ശിക്ഷിച്ചാലും ഇല്ലെങ്കിലും, നാം അതിനെ ഓർത്തു ദുഃഖിക്കും. നാം ദൈവഹൃദയത്തെ നമ്മുടെ കാലുകൊണ്ട് ചവുട്ടി മെതിച്ചിരിക്കയാണ്. നാം അവനോട് മോശമായി പെരുമാറുകയും അവന് ഇടർച്ച വരുത്തകയും ചെയ്തതുകൊണ്ട് നമ്മുടെ ഉള്ളിൽ ദുഃഖം ഉണ്ടാകുന്നു.[11]

ഇത്തരത്തിലുള്ള ദുഃഖം അനുതാപം വരാത്ത "മാനസാന്തരത്തെ ഉളവാക്കുന്നു" എന്നാണ് പൗലൊസ് പറഞ്ഞത് - അതല്ല മാനസാന്തരം, എന്നാൽ അതു മാനസാന്തരത്തെ പുറപ്പെടുവിക്കുന്നു. പത്രൊസ് പെന്തെകൊസ്തുനാളിൽ പ്രസംഗിച്ചപ്പോൾ (പ്രവൃത്തികൾ 2:14–36) അവന്റെ ശ്രോതാക്കളിൽ അനേകം പേരുടെ "ഹൃദയത്തിൽ കുത്തുകൊണ്ടു" (പ്രവൃത്തികൾ 2:37); അവരുടെ പാപങ്ങൾ അവർക്ക് ബോധ്യമായി. അവർ യേശുവിനെ ക്രൂശിക്കുവാൻ കാരണമായതിൽ അവർക്ക് ദുഃഖമുണ്ടായി എന്ന് ഉറപ്പായി പറയാം. എങ്കിലും, അവരോട് മാനസാന്തരപ്പെടുവാൻ പറഞ്ഞു (പ്രവൃത്തികൾ 2:38). പാപങ്ങളെ കുറിച്ചുള്ള ദുഃഖം, മാത്രം, മാനസാന്തരമല്ല.

മാനസാന്തരം "പാപത്തെ കുറിച്ചുള്ള അനുതാപം" ആണെന്ന് നിർവ്വചിക്കാത്ത മതപരമായ ആളുകൾ ഇങ്ങനെ പറഞ്ഞേക്കാം, "തെറ്റു ചെയ്യുന്നതു നിർത്തി ശരി ചെയ്യുവാൻ തുടങ്ങുന്നതാണ് മാനസാന്തരം."[12] "മാനസാന്തര നടപടികളിൽ" ഉള്ള മറ്റൊരു ഘടകമാണ് ജീവിത മാറ്റം, എന്നാൽ ജീവിതമാറ്റം മാത്രം മാനസാന്തരമല്ല. ഒരാൾക്ക് ജീവിതമാറ്റം വരുത്തുകയും ഒരിക്കലും മാനസാന്തപ്പെടാതെയുമിരിക്കാം. ഒരാൾക്ക് തന്റെ ജീവിതരീതി ലജ്ജിപ്പിക്കുന്നതും തരംതാഴ്ത്തുന്നതുമാണെന്ന് തിരിച്ചറിയുന്നു - അതുകൊണ്ട് - മാനസാന്തരപ്പെടാതെ, ജീവിതരീതി മാറ്റുവാൻ തീരുമാനിക്കുന്നു. അയാൾക്ക്, തന്റെ ദൈവത്തോട് താൻ  അനുസരണക്കേട് പ്രവർത്തിച്ചു എന്ന ദുഃഖമൂണ്ടായിട്ടല്ല, അഹംഭാവം വെച്ചുകൊണ്ടു തന്നെയാണ് മാറ്റിയത്.

വീണ്ടും എന്നെ തെറ്റിദ്ധരിക്കരുത്. ജീവിതമാറ്റം പ്രാധാന്യമുള്ളതാണ്, ആവശ്യവുമാണ്. അത്തരം മാറ്റം മാനസാന്തരത്തിന്റെ *ഫലമാണെന്ന്*

ബൈബിൾ പഠിപ്പിക്കുന്നു. യോഹന്നാൻ സ്നാപകൻ തന്റെ ശ്രോതാക്കളോട് പറഞ്ഞു, "ആകയാൽ മാനസാന്തരത്തിന്റെ ഫലം കായ്പിൻ)" (ലൂക്കൊസ് 3:8). "ഫലങ്ങൾ" കൊണ്ട് അവനുദ്ദേശിച്ചത് ദീവിതമാറ്റമാണ് (ലൂക്കൊസ് 3:10-14). യേശു പറഞ്ഞു, "നിനവേയിലുള്ള ആളുകൾ യോനയുടെ പ്രസംഗം കേട്ടു മാനസാന്തരപ്പെട്ടു ..." (മത്തായി 12:41). അവർ മാനസാന്തരപ്പെട്ടു എന്ന് നമുക്ക് എങ്ങനെ അറിയാം? കാരണം അവർ "തങ്ങളുടെ ദുഷ്പ്രവൃത്തികളെ വിട്ടുതിരിഞ്ഞു" (യോനാ 3:10).[13] ഒരാൾ മാനസാന്തരപ്പെട്ടു എന്നു പറയുകയും ജീവിതരീതിക്ക് മാറ്റമില്ലാതിരിക്കയും ചെയ്താൽ, അയാൾ വാസ്തവത്തിൽ മാനസാന്തരപ്പെട്ടോ എന്ന് ആളുകൾ സംശയിക്കും.

അതെ, "മാനസാന്തര നടപടികൾക്ക്" ജീവിതമാറ്റം ആവശ്യമാണ്. വാസ്തവത്തിലുള്ള മാനസാന്തരം അത്തരം മാറ്റം ഉണ്ടാക്കും[14] എങ്ങനെയായാലും, ജീവിതനവീകരണം, മാത്രം, മാനസാന്തരമല്ല.

പിന്നെ ചോദ്യം വരാം, "പാപത്തെ കുറിച്ചുള്ള ദുഃഖമല്ല, തെറ്റു ചെയ്യുന്നതു മതിയാക്കലുമല്ല എങ്കിൽ, പിന്നെ, എന്താണ് മാനസാന്തരം?" ചുരുങ്ങിയ വാക്ക് പഠനം നടത്തുവാൻ എന്നെ അനുവദിക്കുക:

> "തോട്ട്" എന്ന വാക്കിനുള്ള (*നേമാ*) എന്ന ഗ്രീക്ക് വാക്കും "ആഫ്ടർ" എന്ന വാക്കിനുള്ള (*മെറ്റാ*) എന്ന ഗ്രീക്ക് വാക്കും ചേർന്ന സംയുക്തവാക്കായ (*മെറ്റാനേയോ*) എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "മാനസാന്തരപ്പെടുക" എന്ന വാക്ക്. അതിന്റെ അക്ഷരികമായ അർത്ഥം "ആഫ്ടർ-തോട്ട്" എന്നാണ്, ഒരാളുടെ ചിന്ത മാറ്റുന്നതിനെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യർക്ക് ഇതു പ്രയോഗിക്കുമ്പോൾ, "പാപത്തെ കുറിച്ചുള്ള ഒരാളുടെ മനസിനെ മാറ്റൽ ആണ്" സൂചിപ്പിക്കുന്നത് - പൊതുവായി പാപം ചെയ്യുന്നതു നിർത്തുവാൻ തീരുമാനിക്കയും/അല്ലെങ്കിൽ ഒരു പ്രത്യേക പാപം ചെയ്യുന്നതു നിർത്തുക.[15]

"മാനസാന്തര നടപടികൾ" നമുക്ക് ആവർത്തിക്കാം. ദൈവഹിതപ്രകാരമുള്ള ദുഃഖം മാനസാന്തരത്തെ ഉളവാക്കുന്നു, അത് *മനസിനുള്ള മാറ്റം* അല്ലെങ്കിൽ മനോഭാവത്തിനുള്ള മാറ്റം ആണ്. മനസിനുണ്ടാകുന്ന മാറ്റം, ജീവിതത്തിലും മാറ്റം ഉണ്ടാക്കും[16] ഈ നടപടി ചിത്രീകരിക്കുന്ന ഒരു സംഭവം യേശു ഒരിക്കൽ പറയുകയുണ്ടായി.[17] മത്തായി 21-ൽ ഒരു അപ്പൻ മകനോട്, "മകനേ, ഇന്നു നീ എന്റെ മുന്തിരിതോട്ടത്തിൽ പോയി ജോലി ചെയ്ക" എന്നു പറഞ്ഞ കാര്യം യേശു പറഞ്ഞു (വാക്യം 28). "എനിക്ക് മനസില്ല" എന്ന് മകൻ പറഞ്ഞു (വാക്യം 29) - "പിന്നത്തേതിൽ *അനുതപിച്ചു* അവൻ പോയി" (വാക്യം 29; എംഫസിസ് മൈൻ). കെജെവി പറയുന്നതു പിന്നത്തേതിൽ അവൻ മാനസാന്തരപ്പെട്ടു പോയി എന്നാണ്. എൻഐവിയിൽ "പിന്നീട് അവൻ *മനസു മാറ്റി* പോയി" എന്നാണ്.[18] (എംഫസിസ് മൈൻ.)[19]

മാനസാന്തരം എന്നതു ചുരുക്കി പറയാവുന്ന വാക്കാണ് "കീഴ്പ്പെടൽ" എന്ന് അലെൻ പറഞ്ഞിട്ടുണ്ട്:

> നിങ്ങളുടെ ജീവിതത്തിലെ, സ്വാർത്ഥമായ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും മരിപ്പിക്കുക. നിങ്ങൾ ആരായിരിക്കുന്നുവോ, നിങ്ങൾക്ക് എന്തെല്ലാമുണ്ടോ, ഭാവിയിൽ നിങ്ങൾക്കുണ്ടാകുവാൻ സാധ്യതയുള്ളതും എല്ലാം സർവ്വശ

ക്തനായ ദൈവത്തിന്റെ പാദപീഠത്തിൽ സമർപ്പിക്കുക. മൽസരത്തിന്റെ ആയുധങ്ങളെല്ലാം നിങ്ങളുടെ ആയുധങ്ങൾ അവന്റെ മുമ്പിൽ വെച്ച് പൂർണ്ണമായി കീഴടങ്ങുക.[20]

## "... നിങ്ങളെല്ലാം അങ്ങനെതന്നെ നശിച്ചുപോകും"

### സർവ്വലൗകികമായ അനന്തരഫലം

വാസ്തവമായും നാം കർത്താവിന്ന് കീഴ്പ്പെടുന്നതു പ്രാധാന്യമുള്ള താണോ? നമ്മുടെ പാപങ്ങളിൽനിന്നു നാം മാനസാന്തരപ്പെട്ടില്ലെങ്കിൽ എന്തു സംഭവിക്കും? യേശുവിന്റെ പ്രസ്താവനയുടെ അവസാനം നോക്കുക: "അല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ *എല്ലാവരും അങ്ങനെതന്നെ നശി ച്ചുപോകും*" (ലൂക്കൊസ് 13:3; എംഫസിസ് മൈൻ). പിലാത്തൊസ് കൊന്ന ആ പാപികളുടെ അത്ര പാപികളല്ല തങ്ങളെന്നാണ് യേശുവിന്റെ ശ്രോതാക്കൾ വിചാരിച്ചത്. എല്ലാ പാപവും പാപമാണെന്നും അവ സർവ്വശക്തനായ ദൈവത്തിന് അറെപ്പുളവാക്കുന്നതാണെന്നും അവർ മനസിലാക്കണമെന്ന് യേശു ആഗ്രഹിച്ചു.[21]

"*എല്ലാവരും* പാപം ചെയ്തു" (റോമർ 3:23; എംഫസിസ് മൈൻ); അതുകൊണ്ട്, എല്ലാവരും മാനസാന്തരപ്പെടണം. ക്രിസ്ത്യാനിയായി തീരുവാൻ ആവശ്യമായ ഘടകമാണ് മാനസാന്തരം (പ്രവൃത്തികൾ 2:38; 3:19); വിശ്വസ്ത ക്രിസ്ത്യാനിയായി നിലനില്ക്കുവാനും അത് ആവശ്യമാണ് (പ്രവലൃത്തികൾ 8:22; 2 കൊരിന്ത്യർ 7:9, 10; എബ്രായർ 6:6).[22] പൊലൊസ് പറഞ്ഞു, "ഇപ്പോൾ *എല്ലായിടത്തും എല്ലാവരോടും* മാനസാന്തരപ്പെടുവാനാണ് ദൈവം അരുളി ച്ചെയ്തിരിക്കുന്നത്" (പ്രവൃത്തികൾ 17:30; എംഫസിസ് മൈൻ).

### നിന്നുപോകാത്ത അന്തരഫലങ്ങൾ

ഒരാൾ കർത്താവിനെ അനുസരിക്കാതിരുന്നാൽ എന്തായിരിക്കും ഫലം? "*മാനസാന്തരപ്പെട്ടില്ലെങ്കിൽ നിങ്ങൾ എല്ലാവരും നശിച്ചുപോകും*" എന്നാണ് യേശു പറഞ്ഞത് (ലൂക്കൊസ് 13:3, 5; എംഫസിസ് മൈൻ). അവർ മാനസാന്ത രപ്പെട്ടില്ലെങ്കിൽ, ഒന്നുകിൽ ഒരു ഗോപുരം അവരുടെമേൽ വീണുകാണും അല്ലെങ്കിൽ പിലാത്തൊസ് അവരെ കൊന്നുകാണും. പശ്ചാത്തപിക്കാത്തവർക്ക് വരുവാനിരിക്കുന്ന ആത്മിയമായ അനന്തരഫലങ്ങളെ കുറിച്ചായിരുന്നു കർത്താവിന്റെ മനസിലുണ്ടായിരുന്നത്. മറ്റൊരു സമയത്ത് ക്രിസ്തു പറഞ്ഞു, "ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട, ദേഹത്തേയും ദേഹി യേയും നശിപ്പിപ്പാൻ കഴിയുന്നവനെ ഭയപ്പെടുവിൻ" (മത്തായി 10:28).

തടുക്കുവാനാവാത്ത വിധത്തിലുള്ള ആത്മീയാവേശം, ആളുകളുടെ ഹൃ - ദയങ്ങളിലേക്ക് നിർബ്ബന്ധമായി മാനസാന്തരപ്പെടുവാൻ, ദൈവം അയക്കുമെന്ന ഒരു ഉപദേശം പണ്ടു പ്രചാരത്തിലിരുന്നു.[23] അതു വാസ്തവമായിരുന്നുവെങ്കിൽ, എല്ലാവരും മാനസാന്തരപ്പെടണം - കാരണം ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല" (പ്രവൃത്തികൾ 10:34). "*ആരും* നശിച്ചുപോകാതെ, *എല്ലാവരും* മാനസാന്തരപ്പെടുവാനാണ് ദൈവം ഇഛി ക്കുന്നത്" (2 പത്രൊസ് 3:9; എംഫസിസ് മൈൻ). ദൈവം എല്ലാവരും മാന സാന്തരപ്പെടേണമെന്ന് ആഗ്രഹിക്കുന്നുണ്ട്, പക്ഷെ തീരുമാനം *നമ്മുടേതാ* യിരിക്കണം. മാനസാന്തരത്തിന് നമ്മെ പ്രോൽസാഹിപ്പിക്കുവാൻ മുഖ്യമായി

ദൈവം രണ്ട് കാര്യങ്ങൾ ചെയ്യുന്നു.

ആദ്യത്തേത്, അവന്റെ നന്മയുടെ സംഭവത്തിന്റെ സന്തോഷം. പൗലൊസ് എഴുതി, "അല്ല, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നറിയാതെ, നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?" (റോമർ 2:4). മെക്ഗാർവേ എഴുതി,

> പുതിയനിയമത്തിലെ ദൈവത്തിന്റെ വെളിപ്പാടുകളിൻ പ്രകാരമുള്ള ... ദൈവത്തെ അടുത്ത് അറിഞ്ഞിട്ട്, തന്നെ സൃഷ്ടിച്ച ദൈവത്തിന്റെ ദയയും കരുണയും മുൻപ് ലഭിച്ചത് തിരിച്ചറിഞ്ഞിട്ട്; തന്റെ രക്ഷക്കുള്ള വഴിയും ദൈവം ഒരുക്കിയിരിക്കകൊണ്ട്; ഓരോ ദിവസവും തന്റെ പാപങ്ങളിൽനിന്ന് വിട്ടു തിരിഞ്ഞ് ദൈവത്തിന്റെ സമാധാനത്തിലേക്കും ആശ്വാസത്തിലേക്കും അവൻ ആഹ്വാനം ചെയ്യുമ്പോൾ; അവൻ നിത്യതയുടെ വാതിൽ തുറന്നു നിത്യതേജസും, മാനവും, മഹത്വവും കാണിച്ചുകൊണ്ടിരിക്കുമ്പോൾ, ഏതെങ്കിലും ഒരു പാപി ദൈവത്തിന്റെ ആ ദയവ് നിരസിക്കുമോ?[24]

എങ്ങനെയായാലും, ദൈവത്തിന്റെ ക്രോധത്തിന്റെ ദുഃഖസത്യവും മനുഷ്യൻ മാനസാന്തരപ്പെടുവാൻ ഉപയോഗിച്ചിട്ടുണ്ട്. "ദൈവത്തിന്റെ ദയവാണ് മനുഷ്യരെ മാനസാന്തരത്തിലേക്ക് നയിക്കുന്നുത്" എന്നു പൗലൊസ് പറഞ്ഞശേഷം, അവൻ എഴുതി,

> എന്നാൽ നിന്റെ കാഠിന്യത്താലും, അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്ക് നിനക്കു തന്നെ കോപം ചരതിച്ചു വെക്കുന്നു. അവൻ ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്ക പകരം ചെയ്യും (റോമർ 2:5, 6).

തന്റെ ശ്രോതാക്കൾ നശിച്ചുപോകുന്നതു ഒഴിവാക്കുവാനായി യേശു അത്തരം ഉത്തേജനമാണ് ഉപയോഗിച്ചത്. നരകത്തെ കുറിച്ച് പറഞ്ഞ് ശ്രോതാക്കളെ "ഭയപ്പെടുത്തരുതെന്ന്" ചിലർ പറയാറുണ്ട്. നിങ്ങൾ അങ്ങനെ വിചാരിക്കുന്നു എങ്കിൽ, ഇതു പരിഗണിക്കുക:ദൈവശ്വാസിയമായ മറ്റു പ്രാസംഗികരേക്കാളും എഴുത്തുകാരേക്കാളും കൂടുതലായി യേശു നരകത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്. നമ്മുടെ അനുസരണക്കേടിന്റെ അനന്തരഫലങ്ങളെ കുറിച്ചു ചിന്തിക്കുന്നത് നമുക്ക് ഇഷ്ടമല്ല, എന്നാൽ അത് ആവശ്യമാണ്.

**ഉപസംഹാരം**

ഒരുക്കപ്പെട്ട ആളുകൾക്കായി ഒരുക്കിയിരിക്കുന്ന സ്ഥലമാണ് സ്വർഗം,[25] അതുപോലെ തന്നെയാണ് നരകവും.[26] ഇപ്പോൾ നിങ്ങൾ ഏതെങ്കിലും ഒന്നിനുവേണ്ടി ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ സ്വർഗത്തിലേക്ക് പോകുവാൻ ഒരുങ്ങിയിട്ടുണ്ടോ – അല്ലെങ്കിൽ നിങ്ങളുടെ ഹൃദയത്തിലും ജീവിതത്തിലും മാനസാന്തരപ്പെടേണ്ടതായിട്ടുണ്ടോ?

യേശു ഒരിക്കൽ ഒരു പട്ടണവാസികളെ ശാസിച്ചു പറഞ്ഞു, "എന്നാൽ ന്യായവിധി ദിവസത്തിൽ സോദോമ്യരുടെ നാട്ടിന്ന് സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോട് പറയുന്നു" (മത്തായി 11:24). എന്തുകൊണ്ട്? കാരണം സോദോമിന് ലഭിച്ചതിനേക്കാൾ മാനസാന്തരപ്പെടുവാൻ കൂടുതൽ അവസ

രങ്ങൾ യേശു പഠിപ്പിച്ചവർക്ക് ലഭിച്ചിട്ടുണ്ട് - എങ്കിലും ആ അവസരങ്ങൾ അവർ നിരസിച്ചുകളഞ്ഞു. ഒരുപക്ഷെ, നിങ്ങൾ ഇന്ന് അപകടകരമായ അവസ്ഥയിലാണെന്ന് തിരിച്ചറിഞ്ഞിരിക്കയില്ല. തിരഞ്ഞെടുക്കുവാൻ യേശു നൽകിയ ഓരോന്നും മനസിലാക്കുവാൻ നിങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്:മാനസാന്തരപ്പെടുക, അല്ലെങ്കിൽ നശിക്കും. നിങ്ങൾ മാനസാന്തരപ്പെട്ടില്ലെങ്കിൽ - നിങ്ങൾക്ക് ഒഴികഴിവില്ലാതെ - നാശമാണ് സംഭവിക്കുന്നത്.

ഒരു വ്യക്തിയെ കുറിച്ച് യേശു പറഞ്ഞു, "ഞാൻ അവൾക്ക് മാനസാന്തരപ്പെടുവാൻ സമയം കൊടുത്തിട്ടും അവളുടെ ദുർന്നടപ്പു വിട്ടു മാനസാന്തരപ്പെടുവാൻ അവൾക്ക് മനസായില്ല" (വെളിപ്പാട് 2:21). ഇപ്പോൾ, ദൈവം നിങ്ങൾക്ക് "മാനസാന്തരപ്പെടുവാൻ, സമയം" നൽകിയിരിക്കുകയാണ്. "അവനോ [അല്ലെങ്കിൽഅവൾക്കോ] മാനസാന്തരപ്പെടുവാൻ മനസില്ല എന്ന് നിങ്ങളെ കുറിച്ച് പറയുവാൻ ഇടയാകാതിരിക്കട്ടെ." നിങ്ങൾ പ്രതികരിക്കുമെങ്കിൽ, ഇപ്പോൾ തന്നെ പ്രതികരിക്കുക.[27]

## പ്രസംഗക്കുറിപ്പുകൾ

മാനസാന്തരപ്രസംഗങ്ങളേക്കാൾ ഒരുപക്ഷെ വലുതായി ഒന്നുമില്ലെന്ന്, ഈ പരമ്പരകളുടെ ആരംഭത്തിൽ ഞാൻ പറയുകയുണ്ടായി (ലൂക്കൊസ് 13:1-5). ആ വിഷയത്തെ കുറിച്ചുള്ള പ്രസംഗമാണിത്. ഈ അവതരണം മാത്രമോ, അല്ലെങ്കിൽ രക്ഷയുടെ നിബന്ധനകളടങ്ങുന്ന പരമ്പരയിൽ ഒന്ന് എന്ന നിലയിലോ ഇത് ഉപയോഗിക്കാം.

---

കുറിപ്പുകൾ

[1]ആ ഗലീലക്കാർ ആരായിരിക്കുമെന്ന സാധ്യതകൾ അറിയുവാൻ, *ക്രിസ്തുവിന്റെ ജീവിതം, 3* ലെ "പൊന്തിയോസ് പിലാത്തൊസും യേശുവിന്റെ മരണവും" എന്ന പാഠം നോക്കുക. [2]ലൂക്കൊസ് 13:1-5 ന്റെ പൊതുവായ ചർച്ചക്ക്, *ക്രിസ്തുവിന്റെ ജീവിതം,* 2 ലെ "പഴയതും പുതിയതുമായ വസ്തുതകൾ" എന്ന പാഠം നോക്കുക. [3]ഇതാ മറ്റു രണ്ടെണ്ണം: സദൃശവാക്യങ്ങൾ 14:12 ഉം 16:25 ഉം. [4]ഉദാഹരണത്തിന്, 1 രാജാക്കന്മാർ 8:47; യെഹെസ്ക്കേൽ 14:6; 18:30. വേറെ ഉദാഹരണങ്ങൾ കൺകോഡൻസ് നോക്കി കാണുക. [5]മഹത്തായ ആജ്ഞയിൽ ലൂക്കൊസ് 24:47 എവിടെ വരുമെന്നറിയുവാൻ, ഈ പുസ്തകത്തിൽ ആദ്യം വന്ന, "ഗുഡ്ബൈ - ആന്റ് ഹെലോ" എന്ന പാഠം നോക്കുക. [6]ഇതിനർത്ഥം അവർക്ക് എല്ലാവർക്കും ദൈവത്തെ കുറിച്ചും യേശുവിനെ കുറിച്ചും ശരിയായ വിശ്വാസം ഉണ്ട് എന്നല്ല - ചുരുങ്ങിയത് ദൈവമുണ്ടെന്നും, ഒരുവിധത്തിൽ, യേശു ദൈവപുത്രനാണെന്നും അവർ വിശ്വസിക്കുന്നു എന്നത്രെ. [7]അഹംഭാവം എന്ന പാപത്തെ കുറിച്ച് ഏതാനും വേദഭാഗങ്ങൾ ഇതാ:സദൃശവാക്യങ്ങൾ 16:18; 29:23; 1 യോഹന്നാൻ 2:16. [8]ജെ. ഡബ്ലിയു. മെക്ഗാർവേ, *സെർമൺസ്* (സിൻസിനാറ്റി, ഒഹിയോ: സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1893; റീപ്രിന്റ്, എൻ. ഡി.), 97. [9]"മാനസാന്തരം" എന്ന വാക്ക് നിർവ്വചിക്കുവാൻ മതപര-മല്ലാത്തവരോട് പറഞ്ഞാൽ അവർക്ക് പലർക്കും ഉത്തരം ഇല്ല. [10]വിവിധ ചിത്രീകരണങ്ങൾ ഉപയോഗിക്കുവാൻ കഴിയും. പിടിക്കപ്പെട്ടതുകൊണ്ട് ദുഃഖിക്കുന്നവരെ കൊണ്ട് നിറഞ്ഞിരിക്കയാണ് തടവുകൾ; എന്നാൽ അവർ പുറത്തിറങ്ങിയാൽ മിക്കപേരും അവരുടെ കുറ്റകൃത്യങ്ങളിൽ മുഴുകും. മദ്യപാനികൾ ലക്ക് കെട്ടു ചെയ്ത പ്രവൃത്തികളെ ഓർത്ത് പിറ്റെ ദിവസം രാവിലെ ദുഃഖിക്കും - എന്നാൽ അവസരം കിട്ടിയാൽ അവരിൽ പലരും വീണ്ടും മദ്യപിക്കും.

[11]ജീമ്മി അലെൻ, *"റിപ്പെന്റൻസ്," വാട്ട് ഈസ് ഹെൽ ലൈക്ക്? ആന്റ് അദർ സെർമൺസ്* (ഡള്ളാസ്: ക്രിസ്ത്യൻ പബ്ലിഷിങ്ങ് കമ്പനി., 1965), 164. [12]രണ്ടു നിർവ്വചനങ്ങളേയും ചിലർ യോജിപ്പിക്കും: "മാനസാന്തരം എന്നാൽ നിങ്ങൾ ചെയ്ത പാപത്തെ കുറിച്ചുള്ള അനുതാപമാണ്, അതുകൊണ്ട് നിങ്ങൾ പാപം ചെയ്യുന്നതു നിർത്തി, ശരിയായതു ചെയ്തു തുടങ്ങുന്നതാണ്." [13]മാനസാന്തരപ്പെട്ടവർ തങ്ങളുടെ പ്രവൃത്തികളാൽ അതു തെളിയിച്ച ഉദാഹരണങ്ങൾ വേറെയുള്ളത്, സക്കായിയുടേയും ഐത്യോപ്യ ഷണ്ഡന്റേയുമാണ്. [14]ജീവിതത്തിൽ മാറ്റം വരേണ്ടതിന്റെ ആവശ്യം നിങ്ങൾക്ക് ഊന്നി പറയാം, പൂർവ്വസ്ഥിതി പ്രാപിക്കേണ്ടത് ആവശ്യമാണ്, എന്നാൽ ചില മാറ്റങ്ങൾ ദൃശ്യമാണ്. ഒരാൾ പന്നിയെ മോഷ്ടിച്ചാൽ, അയാൾ അതിന്റെ ശരിയായ ഉടമസ്ഥന് മടക്കി കൊടുക്കണം. തിന്നുകഴിഞ്ഞാൽ അതിനുള്ള നഷ്ടപരിഹാരമോ, വേറെ പന്നിയെയോ മടക്കി കൊടുക്കണം. [15]"പ്രവൃത്തികൾ, 1," ന്റെ ഗ്ലോസെറി *ട്രൂത്ത് ഫോർ ടുഡേ* (മേയ് 1995); 54 [16]ഒരു നിയമമായി, മനസിലാക്കേണ്ടത്, മാനസാന്തരപ്പെടുമ്പോൾ, പൂർണ്ണമായ മാറ്റം ഒറ്റയടിക്ക് സംഭവിക്കുന്നില്ല, എന്നാൽ ചില മാറ്റങ്ങൾ സംഭവിച്ചിരിക്കണം.ഒരാൾ ആയുഷ്ക്കാലം മുഴുവൻ കർത്താവിൽ വളരുവാൻ തുടങ്ങുകയാണ്. [17]മറ്റു ബൈബിൾ ചിത്രീകരണങ്ങളും ഉപയോഗിക്കാം (ഉദാഹരണമായി മുടിയനായ പുത്രന്റെ സംഭവം [ലൂക്കൊസ് 15:17, 18]). [18]"റിഗ്രെറ്റഡ്" (എൻ ഏഎസ്ബി) എന്നത് ഗ്രീക്കിൽ നിന്നു തർജിമ ചെയ്തത്, "റിപ്പെൻഡ്" (കെജെവി), "ചെയിഞ്ച്ഡ് ഇൻ മൈന്റ്" (എൻഐഎവി), അതു സാധാരണ "റിപ്പെന്റ്" എന്ന വാക്കിന് ഉപയോഗിക്കുന്നതല്ല, എന്നാൽ അതുമായി ബന്ധപ്പെട്ടതാണ്. [19]മാനസാന്തരത്തെ ചില ഉപദേഷ്ടാക്കന്മാർ ഈ വിധത്തിൽ ചിത്രീകരിക്കുന്നു: "'കണക്ക് കൊടുക്കേണ്ട പ്രായമെത്തുന്നതിനു' മുൻപ് ഞങ്ങൾ ഇങ്ങനെയാണ് ജീവിച്ചത് എന്ന് പറഞ്ഞ് ഒരുദിശയിൽ നടക്കുന്നു, പിന്നീട്ദൈവിക ദിശയിൽ നടക്കുന്നു" പിന്നെ അവർ 180-ഡിഗ്രി തിരിഞ്ഞ് പറയുന്നു. "പിന്നെ ഞങ്ങൾ പ്രായപൂർത്തിയെത്തിയപ്പോൾ, പാപം ചെയ്ത് ദൈവത്തിൽനിന്നകന്നുപോയി." പിന്നെ കുറെ ദൂരം ആളുകളിലേക്ക് പാപം വരുന്നതിനെ കുറിച്ച് സംസാരിക്കുന്നു. അതിനു ശേഷം അവർ നിന്നു പറയുന്നു, പിന്നെ "ഞങ്ങളിൽ ചിലർ തങ്ങളുടെ പാപങ്ങളെ വിട്ടു തിരിഞ്ഞു. അതിനർത്ഥം ഞങ്ങളുടെ തെറ്റുകൾ *മനസിലാക്കി മാറുവാൻ* തീരുമാനിച്ചു എന്നാണ്. അതുകൊണ്ട് ഞങ്ങളുടെ മുഖം നേരെ തിരിച്ചു ദൈവത്തിലേക്ക് നോക്കി നടന്നു." [20]അലെൻ, 168.

[21]പാപം ചെയ്യുന്നതിന്റെ അനന്തരഫലങ്ങൾ ഭൂമിയിൽ വിവിധമായിരിക്കും, അതു ചെയ്യുന്നതിന് അവരെ വിവിധ രീതിയിലായിരിക്കും പ്രചോദിപ്പിക്കുന്നത്, എന്നാൽ അടിസ്ഥാനപരമായ സത്യം എന്തെന്നാൽ "പാപം പാപം തന്നെ" എന്നതാണ്. [22]ക്രിസ്ത്യാനി ആകുന്നതിനുള്ള നിബന്ധനകൾ പറയുന്നതിനും, തെറ്റിപ്പോയ ക്രിസ്ത്യാനിക്ക് യഥാസ്ഥാനപ്പെടുന്നതെങ്ങനെ എന്ന് പറയുന്നതിനും പറ്റിയ സമയം ഇതാണ്, രണ്ടിലും മാനസാന്തരം ആവശ്യമാണ്. [23]ഈ ഉപദേശം രണ്ട് വേദഭാഗങ്ങളെ ആസ്പദമാക്കിയുള്ളതാണ് (പ്രവൃത്തികൾ 5:30, 31; 11:18). ദൈവം മാനസാന്തരം നല്കുന്നത് (1) അവൻ മാനസാന്തരപ്പെടുവാനുള്ള *അവസരം* നൽകും (2) അവൻ മാനസാന്തരപ്പെടുവാനുള്ള *ഉത്തേജനം* നൽകും. [24]മെക്ഗാർവേ, 103. [25]താൻ അവർക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നാണ് യേശു ശിഷ്യന്മാരോട് പറഞ്ഞത് (യോഹന്നാൻ 14:2). [26]പിശാചിന്നും അവന്റെ ദൂതന്മാർക്കും വേണ്ടി ഒരുക്കിയിരിക്കുന്നതാണ് നരകം, എന്നാൽ പിശാചിനെ പിൻപറ്റുന്ന ആളുകളും അവിടെയുണ്ടാകും (മത്തായി 25:41). [27]നിങ്ങൾ പ്രസംഗത്തിൽ മുൻപ് അങ്ങനെ ചെയ്തില്ലെങ്കിൽ, ഇപ്പോൾ എങ്ങനെ ക്രിസ്ത്യാനി ആകാമെന്നും (പ്രവൃത്തികൾ 2:38), തെറ്റിപ്പോയ ക്രിസ്ത്യാനിക്ക് എങ്ങനെ യഥാസ്ഥാനപ്പെടാമെന്നും പറയാം (പ്രവൃത്തികൾ 8:22). മാനസാന്തരം മാത്രം പോരാ എന്ന പോയിന്റും നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാം-അതു ഒരാളെ പ്രവൃത്തിയിലേക്ക് നയിക്കണം, അതായത് ദൈവേഷ്ടം ചെയ്യണം (അലെൻ, 169-70).